പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 160

27.06.2011 - ൽ മറുപടിക്ക്

## ത്രിവേണി സൂപ്പർ മാർക്കറ്റുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | | **ശ്രീ. റ്റി.എം.ജേക്കബ്**<br>(ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ത്രിവേണി സൂപ്പർ മാർക്കറ്റുകൾ നിലവിൽ ഉണ്ട്, ഇതിൽ എത്രയെണ്ണത്തിൽ എയർ കണ്ടീഷൻ സൗകര്യമുണ്ട്; | (എ) | സംസ്ഥാനത്ത് നിലവിൽ 185 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ഉണ്ട്. ഇതിൽ 3 എണ്ണത്തിൽ മുഴുവനായും എയർ കണ്ടീഷൻ സൗകര്യമുണ്ട് |
| (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി ഇത്തരത്തിൽ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ടോ, എങ്കിൽ ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി 120 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം - 04<br>2. കൊല്ലം - 13<br>3. പത്തനംതിട്ട - 07<br>4. ആലപ്പുഴ - 13<br>5. കോട്ടയം - 06<br>6. എറണാകുളം - 14<br>7. ഇടുക്കി - 04<br>8. തൃശ്ശൂർ - 13<br>9. പാലക്കാട് - 09<br>10. മലപ്പുറം - 15<br>11. കോഴിക്കോട് - 10<br>12. വയനാട് - 02<br>13. കണ്ണൂർ - 06<br>14. കാസർഗോഡ് - 04<br>ആകെ - 120 |
| (സി) തിരുവനന്തപുരം ജില്ലയിൽ പുളിമൂട്ടിലുള്ള ത്രിവേണി സൂപ്പർ മാർക്കറ്റിലെ സ്ഥല പരിമിതി മൂലം ജനങ്ങൾക്ക് സാധനങ്ങൾ വാങ്ങാൻ സാധിക്കാതെ വരുന്നു എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി & ഡി) | പുളിമൂട്ടിലുള്ള എസ്.എസ്. II സൂപ്പർ മാർക്കറ്റിന് 1000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തൃതിയുണ്ട് എന്നാൽ ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്ന അങ്കണത്തിൽ ഇപ്പോൾ ഡ്രയിനേജ് സംബന്ധമായ മരാമത്ത് പണികൾ നടക്കുന്നതിനാലും ത്രിവേണി സ്കൂൾ മാർക്കറ്റ് ആരംഭിച്ചതോടെ അവിടെ വരുന്ന ഉപഭോക്താക്കൾ കൂട്ടം കൂടി നിൽക്കുന്നതിനാലും സൂപ്പർ മാർക്കറ്റിലേയ്ക്ക് പ്രവേശിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. |

| | | |
|---|---|---|
| ഡി) | എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | മരാമത്ത് പണികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ മാർക്കറ്റിന്റെ പ്രവർത്തനം അവസാനിക്കുന്നതോടു കൂടി ഇപ്പോൾ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ഒരു പരിധി വരെ ഒഴിവാകും. സൂപ്പർ മാർക്കറ്റിന്റെ രണ്ടാമത്തെ നിലയിൽ ഗൃഹോപകരണങ്ങൾക്കും പ്രസന്റേഷൻ ഗിഫ്റ്റ് ഇനങ്ങൾക്കുമായി ക്രമീകരിച്ചുകൊണ്ടിരിക്കുന്ന വിപുലമായ ഷോറൂം ഒരു മാസത്തിനകം പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി പുളിമൂട്ടിലുള്ള തിരക്കും ബുദ്ധിമുട്ടും ഒഴിവാക്കി പരമാവധി സൗകര്യം ജനങ്ങൾക്ക് നൽകാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ